**റൂളിംഗ്**

03.02.2020-ന് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: 2020 ജനുവരി 31-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗ തീരുമാനങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുപറഞ്ഞതുവഴി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200-ലെ വ്യവസ്ഥകൾ ലംഘിച്ചതായും ഇത്തരം പ്രവണതകൾ ആശാസ്യമല്ലെന്നും ഇതിനെതിരെ ശക്തമായ റൂളിംഗ് ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഇന്നലെ (03.02.2020) ഒരു ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

ജനുവരി 31-ാം തീയതിയിലെ കാര്യോപദേശക സമിതി യോഗത്തിനുശേഷം പുറത്തേയ്ക്കു പോയ തന്നെ പത്രമാധ്യമ പ്രവർത്തകർ സമീപിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട്

വിശദീകരിക്കുകയാണുണ്ടായതെന്നും കാര്യോപദേശക സമിതിയോഗം ചേരുന്നതിനുമുമ്പുതന്നെ സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ട നിലപാടാണ് താൻ വിശദീകരിച്ചതെന്നും സമിതിയുടെ പരിഗണനാ വിഷയത്തെ സംബന്ധിച്ചോ സമിതിയുടെ യോഗതീരുമാനത്തെ സംബന്ധിച്ചോ ഒരു കാര്യവും താൻ പത്രക്കാരോട് സംസാരിച്ചിട്ടില്ലായെന്നും ബഹുമാനപ്പെട്ട മന്ത്രി, സഭയിൽ വിശദീകരണം നൽകുകയുണ്ടായി. കൂടാതെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് നിയമസഭയിലെ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തി കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെയും സമിതി ശിപാർശകളുടെയും വിശദാംശം വെളിപ്പെടുത്തിയതെന്നും യഥാർത്ഥത്തിൽ ചട്ടലംഘനം നടത്തിയത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണെന്നും ഇതുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പിംഗുകൾ ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതോടൊപ്പം 03.02.2020-ൽ ഒരു ദിനപ്പത്രത്തിൽ എഴുതിയ ലേഖനത്തിലൂടെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചട്ടലംഘനം നടത്തുകയുണ്ടായെന്നും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു.

കാര്യോപദേശക സമിതിയോഗത്തെ പരാമർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പത്രക്കാരെ കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്, ബഹുമാനപ്പെട്ട സ്പീക്കറെ മുൻകൂട്ടി അറിയിച്ചശേഷം കാര്യോപദേശക സമിതിയിലുണ്ടായ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകേണ്ട സാഹചര്യം ഉണ്ടായതെന്നും താൻ മനഃപൂർവ്വം ചട്ടലംഘനം നടത്തിയിട്ടില്ലെന്നും ബഹുമാനപ്പെട്ട സ്പീക്കർ ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഭ്യർത്ഥിക്കുകയുണ്ടായി.

ഉന്നയിക്കപ്പെട്ട ആരോപണങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ വീഡിയോ ക്ലിപ്പിംഗുകൾ സഹിതമുള്ള രേഖകൾ ചെയർ പരിശോധിച്ചു. നിയമസഭാ മന്ദിരത്തിന് പുറത്തുവച്ച്, തന്നെ വന്നുകണ്ട പത്രമാധ്യമ പ്രവർത്തകരോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വിശദീകരിക്കുക മാത്രമാണുണ്ടായതെന്ന അദ്ദേഹത്തിന്റെ വാദത്തെ ശരിവയ്ക്കുന്ന തരത്തിൽ തന്നെയായിരുന്നു അതുസംബന്ധിച്ച വീഡിയോ

ക്ലിപ്പിംഗുകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. മാത്രവുമല്ല, കാര്യോപദേശക സമിതിയുടെ യോഗതീരുമാനങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും പരാമർശം അദ്ദേഹം നടത്തിയതായും പ്രസ്തുത വീഡിയോയിൽ കാണാൻ കഴിഞ്ഞില്ല.

എന്നാൽ ബഹുമാനപ്പെട്ട മന്ത്രി കാര്യോപദേശക സമിതി തീരുമാനം പത്രക്കാരോട് വെളിപ്പെടുത്തിയെന്ന ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് തോന്നുന്നു, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിയമസഭാ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തിയതും കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെ വിശദാംശം പത്രക്കാരോട് വിശദീകരിച്ചതും. കൂടാതെ, 2020 ഫെബ്രുവരി 03-ാം തീയതിയിലെ ഒരു ദിനപ്പത്രത്തിൽ "ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം നിരാകരിച്ചതിന് പിന്നിൽ" എന്ന തലക്കെട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പേരിൽ വന്ന ലേഖനത്തിനും 31.01.2020-ലെ കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെയും സമിതി കൈക്കൊണ്ട തീരുമാനത്തേയും സംബന്ധിച്ച വ്യക്തമായ പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

എം. എൻ. കൗൾ ആന്റ് എസ്. എൽ. ശക്തർ-ന്റെ “ Practice and

Procedure of Parliament" എന്ന ഗ്രന്ഥത്തിൽ "പാർലമെന്ററി സമിതികൾ" എന്ന 30-ാം അധ്യായത്തിലെ 'പ്രൊസീഡിംഗ്സ് ഇൻ കമ്മിറ്റീസ്' എന്ന ഉപശീർഷകത്തിൻ കീഴിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

" The proceedings of a committee are treated as confidential and it is not permissible for a member of a committee or anyone who has access to those proceedings to communicate, directly or indirectly, to the press or any other persons any information regarding the proceedings, including the report or any conclusion arrived at finally or tentatively, before the report is presented to the House." (Page 839, 7th Edition)

കേരള നിയമസഭയുടെ നടപടി ചട്ടങ്ങളിലും സമാനമായൊരു വ്യവസ്ഥ ചട്ടം 200-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിയമസഭാ സമിതികളുടെ പ്രവർത്തനം കൂടുതൽ ഗൗരവതരവും കാര്യക്ഷമവുമാക്കി മാറ്റണമെന്ന ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ്. നിയമസഭാ സമിതികളുടെ കാര്യത്തിൽ പൊതുവായും കാര്യോപദേശക സമിതിയുടെ കാര്യത്തിൽ പ്രത്യേകമായും അവയുടെ രഹസ്യസ്വഭാവം നഷ്ടപ്പെടുത്തിയതും അതുവഴി സഭയുടെയും

സമിതികളുടെയും പ്രത്യേക അവകാശം ലംഘിച്ചതും സംബന്ധിച്ച് കാര്യമായ പരാതികളൊന്നുംതന്നെ കഴിഞ്ഞ കാലങ്ങളിൽ ഉയർന്നുവന്നിട്ടില്ല. അതുകൊണ്ടുതന്നെ അക്കാര്യത്തെ സംബന്ധിച്ച് പ്രത്യേക റൂളിംഗുകളും ഉണ്ടായതായി കാണുന്നില്ല.

മാധ്യമങ്ങൾ നമ്മളിലേയ്ക്ക് കിനിഞ്ഞിറങ്ങുകയും നമ്മൾ മാധ്യമങ്ങളാൽ വളഞ്ഞുവയ്ക്കപ്പെടുകയും ചെയ്യുന്ന ഒരു കാലത്താണ് നമ്മൾ ഉള്ളത് എന്നത് എല്ലാവരും ജാഗ്രതയോടെ കാണണം. മാധ്യമ സ്വാതന്ത്ര്യം പ്രധാനമാണെങ്കിലും സഭയുടെ അവകാശങ്ങളും അധികാരവും അതുപോലെതന്നെ പ്രധാനമാണ്. സഭ അംഗീകരിച്ചിട്ടില്ലാത്ത കാര്യോപദേശക സമിതിയുടെ റിപ്പോർട്ട്, മാധ്യമ ചർച്ചയ്ക്ക് വിധേയമാകുന്ന തരത്തിൽ, അവസരമായി മാറിയത് അത്യന്തം നിർഭാഗ്യകരമാണ്. അത് സഭയുടെ അന്തഃസ്സിന് നിരക്കാത്തതായിപ്പോയി. സഭയുടെ അവകാശ ലംഘനത്തിന്റെ പേരിൽ നടപടി സ്വീകരിക്കാൻ പര്യാപ്തമായ ഇത്തരം നടപടികൾ യാതൊരു കാരണവശാലും ഭാവിയിൽ ആവർത്തിക്കപ്പെടാൻ പാടില്ലെന്ന് ചെയർ ഇത്തരുണത്തിൽ റൂൾ ചെയ്യുന്നു.